*Digital Magazine*



# എന്റെ മുറ്റത്തെ പൂമ്പാറ്റയ്ക്ക്

little KITEs



LK/2018/32004

# ആശംസ



"എന്റെ മുറ്റത്തെപൂമ്പാറ്റയ്ക്ക് "എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ പ്രയത്നിച്ച എല്ലാവർക്കും എന്റെ ആശംസകൾ.പാഠ്യപ്രവർത്തനങ്ങളോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

ഹെഡ്മിസ്ട്രസ്സ്

# ആമുഖം

***വിദ്യാഭ്യാസത്തിന്റെ തീ ജ്വാലകൊണ്ട് അറിവിന്റെ മകുടം നമ്മളിൽ ചൂടിക്കുക എന്ന ലക്ഷ്യമാണ് എ എം എച്ച് എസ് എസ് കാളകെട്ടി എന്ന ഞങ്ങളുടെ ഈ സരസ്വതി ക്ഷേത്രത്തിന് അക്ഷരമുറ്റത്ത് കളിച്ചു വളരുന്ന ഞങ്ങളുടെ കൊച്ചുമനസ്സിൽ നിന്നുയർന്ന ഭാവനകളെയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിനായി തയ്യാറാക്കിയിരിക്കുന്നത്. പ്രകൃതിയാകുന്ന വിദ്യാലയത്തിന്റെ മുറ്റത്തെ അറിവാകുന്ന പൂവിന്റെ തേൻ നുകർന്നു കുടിക്കുന്ന കൊച്ചുചിത്രശലഭങ്ങളെ നിങ്ങളാണ് ഞങ്ങളുടെ ഈ പതിപ്പിന്റെ വിജയം***

# ഉള്ളടക്കം

ദിനാചരണങ്ങൾ......................................................6

june 5 പരിസ്ഥിതി ദിനം..........................................7

june 19 വായനദിനം...............................................8

സ്ത്രീത്വത്തിന്റെ മഹത്വം............................................9

september 5 അധ്യാപകദിനം.................................10

മാതൃസ്നേഹം.......................................................14

june 26 ലഹരിവിരുദ്ധദിനം....................................17

june 21 യോഗദിനം............................................. 18

യുവജനോൽസവം.................................................19

സ്പോട്സ് ദിനം........................................................20

മലയാളം...............................................................21

കേരളം.................................................................22

നിന്നെതേടുവതേതൊരുഭാവന......................................23

തുടിതാളം തേടി.......................................................24

നാലിതൾ പൂവ് .........................................................25

പൂക്കളൊക്കേയും വാക്കുകളാകുമ്പോൾ........................... 26

നന്ദി.................................................................... 28



# ദിനാചരണങ്ങൾ

# June 5 പരിസ്ഥിതി ദിനം





ഭൂമിയെ സംരക്ഷിക്കാനായി ലോകം കൈകോർക്കുന്ന വേളയിൽ A M H S S Kalaketty യിലും പരിസ്ഥിതി ദിനാചരണം സമുചിതമായി നടത്തി.പ്ളാസ്റ്റിക്ക് വിപത്തിനെതിരെ പോരാടുക എന്ന ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം കുട്ടികളിലെത്തിക്കാൻ അധ്യാപകർ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തി.

ഉച്ചകഴിഞ്ഞ് 3 pm ന് മരത്തൈവിതരണത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കോർപ്പറേറ്റ് മാനേജർ ഫാ.സഖറിയാസ് ഇല്ലിക്കമുറിയിൽ നടത്തി.തുടർന്ന് കുട്ടികൾക്ക് മരത്തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്തു.





# JUNE 19 വായനാ ദിനം



June 19 ,9.30am ന് ചേർന്ന അസംബ്ളിയിൽ പി എൻ പണിക്കരെ അനുസ്മരിച്ചുകൊണ്ട് ഹെഡ്മിസ്ട്രസ്ശ്രീമതി സ്റ്റെസ്സി സെബാസ്റ്റ്യൻ വായനാവാരം ഉദ്ഘാടനം ചെയ്തു. വായന ഒരു ശീലമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്ശ്രീ തോമസുകുട്ടി ഡോമിനിക്ക് പ്രഭാഷണം നടത്തി.നവമാധ്യമങ്ങൾ വായനയെ കീഴടക്കിയപ്പോൾ അക്ഷരവെളിച്ചം നമ്മിൽനിന്ന് അകന്നുപോകുന്നുവെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് ഒരാഴ്ച നീണ്ട വായനാവാരാചരണത്തോട് അനുബന്ധിച്ച് ക്വിസ്സ് മത്സരം, പുസ്തകം പരിചയപ്പെടൽ ,പുസ്തക അവലോകനം എന്നിവ നടന്നു.

# സ്ത്രീത്വത്തിന്റെ മഹത്വം

ഒരു പെൺകുട്ടിക്ക് സങ്കൽപിക്കാവുന്ന ഏറ്റവും ഉയർന്ന സ്ഥാനം അമ്മ എന്ന പദവിയാണ്. ആദർശവധിയായ അമ്മയെ ഗൃഹലക്ഷ്മിയായാണ് ഏവരും കരുതുന്നത് പെൺകുട്ടിക്ക് പൂർണത കൈവരുന്നത് അമ്മയാകുമ്പോൾ ആണ് എന്നു പറയുമ്പോൾ ശാരീരികമായി മാത്രം ഒരമ്മയായി പരിണമിക്കുക എന്നല്ല അർഥം, മാനസികമായിക്കൂടി ഒരമ്മയാകണമെന്നാണ് സ്ത്രീയുടെ മാതൃഭാവത്തിന് ഭാരതീയർ. നൽകിയിട്ടുള്ള ഉന്നതസ്ഥാനം വേറൊരു ജനതയും നൽകിയിട്ടില്ല . നിരക്ഷരയായ അമ്മയുടെ മുമ്പിൽ ''സർവജ്ഞപീഠം'' കയറിയ മകൻ വരെ കൂപ്പ്കൈയോടെ നിൽക്കുന്ന കാഴ്ച

ഭാരതത്തിൽ കാണാം .

അമ്മയെപ്പോലെ ആദരിക്കേണ്ട അവളെ

അപമാനിക്കുന്ന ഒരു ജനതയായി തരം

താഴുകയാണ് ഇന്ന്. സ്ത്രീത്വത്തിന്റെ മഹത്വം

കാത്തുസൂക്ഷിക്കുന്ന ഇന്നത്തെ പെൺപട,

അവളുടെ മാനത്തിന് വിലയിരുന്ന ചെകുത്തന്റെ

ഇരുണ്ട ഇരുകൈകൾ, ഒന്നൊന്നായി നാം

കുച്ചുവിലങ്ങിടുമെന്ന് പറയുന്ന ഈ ലോകനിയമം

എവിടെ? ഒരു പ്രകൃതിസ്നേഹിക്ക് എങ്ങനെ ഒരു

പൂവെന്നപോലെ ബാല്യം മുതൽ കൗമാരം വരെ

കാത്തുപരിപാലിക്കുന്ന അവളുടെ

മാതാപിതാക്കൾ ഒരു നിമിഷം സ്ത്രീത്വത്തിന്റെ

വില അവളിൽ നിന്നും അത് മറഞ്ഞാൽ എത്ര

മാത്രം വേദനയാകും.അതുപോലെ തന്നെ

കുടുംബവും നാട്ടും

മുഴുവനുംഅവളെവെറുക്കുന്നു, അപമാനിക്കുന്നു

ഇന്ന് നമ്മുടെ നാട്ടിൽ വർദ്ധിച്ച് വരുന്ന

ഭ്രൂണഹത്യ, ശിശുഹത്യ തുടങ്ങിയവ
വർധിച്ചുവരുകയാണ്.പ്രത്യേകിച്ചും
പെൺകുട്ടികളാണ് ഈ ഇരുണ്ട സംസ്കാരത്തിന്
ഇരയാകുന്നത്. വീടിന്റെ, നാടിന്റെ, രാജ്യത്തിന്റെ
തന്നെ അഭിമാനമായിത്തീരേണ്ട അവളെ
നശിപ്പിച്ചാൽ നമ്മുടെ നാട് എങ്ങനെ
ഉന്നതിയിൽ അഭയം പ്രാപിക്കും.

ഇന്നു നമ്മൾ വിദ്യാർത്ഥികൾക്ക് ഏറ്റവും
പ്രചോദനവും, ധൈര്യവും, ആത്മസംതൃപ്തിയും,
എന്തിനധികം നമ്മുടെ എല്ലാം മനസ്സിൽ മിന്നും
താരമായി മാറിയ മലാല യൂസഫ് സായി
വിദ്യാഭ്യാസത്തിനു വേണ്ടി പോരാടിയതിന്
നൊബേൽ സമ്മാനം നേടിയ ഏറ്റവും പ്രായം
കുറഞ്ഞ പെൺകുട്ടിയാണ്. അങ്ങനെ എത്ര
എത്ര മലാലമാർ ഇന്ന് നമ്മുക്ക് ഇടയിലൂടെ
വളരേണ്ട അവരെ കൊന്ന് തള്ളിയിട്ടുണ്ട്. ഇന്ന്
ആ പെൺകുട്ടിയുടെ കഠിന പ്രയത്നം കൊണ്ട്
ഇന്ന് തീവ്രവാദികൾ ഭയക്കുന്നതാണ്

# വിദ്യാഭ്യാസം.

പെൺകുട്ടികളെ പഠിക്കാൻ അനുവദിക്കാതെ വീട്ടിൽ ഇരുത്തുന്ന പ്രവണതയാണ് നമ്മൾ കണ്ടുവരുന്നത്. ഇന്ന് ആ പ്രവണത കുറയുന്നതായി കണ്ടുവരുന്നുണ്ട്. പെൺകുട്ടികൾ ജനിച്ചാൽ അത് കുടുബത്തിന് നഷ്ടവും ഭാരവുമായാണ് കരുതുന്നത്. പെൺകുട്ടികൾ വീടിന്റേയും, നാടിന്റെയും ഗൃഹലക്ഷ്മിയായി മാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. സ്ത്രീകളെ വളർത്തണം, സ്ത്രീത്വത്തെ അപമാനിക്കത്തക്ക വിധം പ്രവർത്തനങ്ങളും, ഉണ്ടാകാൻ ഇടവരുത്തരുത് അങ്ങനെ ഉണ്ടായാൽ അവളുടെ ജീവൻ അവസാനിപ്പിക്കാൻ അവൾ ശ്രമിക്കും. ആ ശ്രമത്തിന് ഉത്തരവാദി നമ്മൾ ആകും എന്ന ചിന്ത മനസ്സിൽ ഉയർത്തി ആ ആത്മഹത്യക്ക് കാരണമാവാതിരിക്കുക അങ്ങനെ ആത്മഹത്യക്കും ഒരു കടിഞ്ഞാൺ

ഇടാൻ നമ്മുക്ക് സാധിക്കും.

സ്ത്രീ അമ്മയാണ് അവളെ അപമാനിക്കാതെ

ജീവിതത്തിൽ ഇതിനെതിരെ പ്രവർത്തിച്ച

നാടിനെ ശുദ്ധികലശം നടത്താം.

**അശ്വതി ബിജു**

***std: XA***

# September 5 അധ്യാപകദിനം





10 മണിക്ക് ചേർന്ന അസംബ്ളിയിൽ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന Dr. S. Radhakrishna ന്റെ ജന്മദിനമായ September 5 ന്റെ പ്രാധാന്യത്തെ കുറിച്ച് School leader അനത്യ സംസാരിച്ചു. അധ്യാപകർക്ക് പൂക്കൾ നല്കി ഗുരുവന്ദനം നടത്തി. അധ്യാപകപ്രതിനിധി Thomas Dominic കുട്ടികൾക്ക് നന്ദിപറഞ്ഞു



# മാതൃസ്നേഹം

മാലാഖയായൊരി മാതൃസ്നേഹത്തിൽ

അമ്മതൻ മാറിൽ നിന്നും നുകരും

ആനന്ദനൈവേദ്യം മാതൃസ്നേഹം

അമ്മതൻ മുലപ്പാലിലൊപ്പം നാം

നുകരുമതത്ത്യന്തര അമൃതം മാതൃസ്നേഹം

പിച്ചവയ്ക്കുന്നൊരീ കൊച്ചുപൂവിന്റെ

കാലിടറാതെ കാക്കും മാതൃസ്നേഹം

കൊച്ചരിച്ചുണ്ടിൽ പുഞ്ചിരി ഉുവാനായി

കൊച്ചു കുസൃതികാട്ടും അമ്മസ്വരൂപിണി

ഭൂമിതൻ സ്വപ്നകുടാരത്തിൻ ചാരെ

മാലാഖയായ് അമ്മ മാറും നേരം

*ജീവന്റെ തുടിപ്പിൽ കാതോർത്ത്*

*തന്റെ രക്തവും ജീവനും നൽകി*

*ഒരു കുഞ്ഞിനെ തേനൂട്ടുമ്പോൾ*

*മാലാഖയായൊരീ മാതാവിൻ മുന്നിൽ*

*ഏതൊരു ലോകവും മുട്ടുകുത്തും*

*ജീവിതത്തിന്റെ അടിസ്ഥാനമായൊരാ-*

*മാതാവില്ലാതെന്തു ലോക ജീവിതം*

*ജീവൻ പകർന്നിതാ കാഴ്ച്ചവെയ്ക്കൂ-*

*അമ്മയാം ഭൂമിയെ നിന്റെ കാൽക്കൽ*

ഗൗരി മനോജ്

Std:X A

# JUNE-26 ലഹരിവിരുദ്ധദിനം



അന്താരാഷ്ട്ര ലഹരിവിരുദ്ധദിനമായ June-26 ന് AMHS Kalaketty യിലും മദ്യമയക്കുമരുന്നുകൾക്കെതിരെ ബോധവൽക്കരണം നടത്തി. രാവിലെ 9:30 ന് നടന്ന അസംബ്ളിയിൽ പ്രായഭേദമന്യേ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ ദോഷവശങ്ങളെക്കുറുച്ചും ഹെഡ്മിസ്ട്രസ്സ് ശ്രീമതി സ്റ്റെസ്സി സെബാസ്റ്റ്യൻ പ്രഭാഷണം നടത്തി. സമൂഹത്തെ നാശത്തിലേയ്ക്ക് നയിക്കുന്ന ലഹരിമരുന്നുകളുടെ ഉപയോഗം തുടച്ചുനീക്കുന്നതിന് തങ്ങൾ ലഹരി ഉപയോഗിക്കുകയോ മറ്റുള്ളവർക്ക് നൽകുകയോ ചെയ്യില്ലെന്ന് വിദ്യാർത്ഥികൾ പ്രതിജ്ഞ ചെയ്യണമെന്ന് ടീച്ചർ ഉദ്ബോധിപ്പിച്ചു. തുടർന്ന് കുട്ടികൾ ലഹരിവിരുദ്ധദിനപ്രതിജ്ഞ ചൊല്ലി.10 A യിലെ മരിയ ജോസഫിന്റെ ലഹരിവിരുദ്ധദിന സന്ദേശത്തോടെ പരിപാടി സമാപിച്ചു.



# യോഗാ ദിനം JUNE-21



•


രാജ്യാന്തര  യോഗാദിനമായ June 21 നോടനുബന്ധിച്ച് AMHSS Kalaketty-യിലും യോഗാപരിശീലനം നടത്തി . June 14 രാവിലെ 9:00 AM ന് ഹെഡ്മിസ്ട്രസ്സ് സ്റ്റെസി സെബാസ്റ്റ്യൻ യോഗാപരിശീലനം ഉദ്ഘാടനം ചെയ്തു. തുടർന്ന് June 21 വരെ രാവിലെ 9:00 AM മുതൽ വരെ ഒരാഴ്ചനീണ്ട യോഗാപരിശാലനത്തിന്  ശ്രീ റൊമാനൊ സെബാസ്റ്റ്യൻ നേതൃത്വം നൽകി . മനസ്സിനേയും ശരീരത്തിനേയും ഉണർത്തുന്ന യോഗാമുറകൾ കുട്ടികൾ താൽപര്യത്തോടെ  ചെയ്തു. June 21 10 AM ന് ശ്രീമതി ഷൈലമ്മ ജോസഫിന്റെ യോഗാദിന സന്ദേശത്തോടെ പരിപാടിക്ക് സമാപനമായി.



# യുവജനോൽസവം







# സ്പോർട്സ് ദിനം











# മലയാളം

''56 അക്ഷരമല്ല 51 അക്ഷരമല്ലെന്റെ
മലയാളം.മലയാളമെന്ന നാലക്ഷരമല്ല അമ്മ
എന്ന ഒരക്ഷരമാണെന്റെ മലയാളം.''

കുഞ്ഞുണ്ണിമാഉഷിന്റെ  ഈ കവിതയിൽ
മലയാളത്തെ അമ്മയായി ഉപമിക്കുന്നു.

മലയാളമെന്ന ഭാഷ കേരള
ജനതയുടെ അമൃതമാണ്. കേരളത്തിന്റെ
മാതൃഭാഷയാണ് മലയാളം.മലയാളികളുടെ
ഇഷ്ടപ്പെട്ട  ഭാഷയിൽ
ഒന്നാമത് മലയാളമാണ്.
മലയാളം  നമ്മുടെ അമ്മയാണ്.

റ്റോഷ്മ പി സി
9B

# കേരളം

ഹരിതമനോഹാരിത നിറഞ്ഞ

എന്റെ നാടാണ് കേരളം . അരുവികളും, പുഴകളും, പൂക്കളും, മലകളും, താഴ് വരകളും, കാറ്റുകൾ നൃത്തംകളിപ്പിക്കുന്ന തെങ്ങോലകളും നിറഞ്ഞ നാട്.

മലയാളമെന്ന ഭാഷകൊണ്ട്

പുണ്യമായ നാട്." മലയാളിയെന്നു കേട്ടാൽ കോരിത്തരിക്കണം നെഞ്ചകം".

എന്നുപാടിയ കവികളുടെ നാട്.

സൗന്ദര്യറാണിയും ,

ദൈവത്തിന്റെ സ്വന്തം നാട് എന്ന പദവിയും കിട്ടിയ നാട്.

ശ്രീക്കുട്ടി ഇ എസ്

9 B

# നിന്നെത്തേടുവതേതൊരു

# ഭാവന !



**അടുത്തടിവച്ച് തൊടുവാൻ നോക്കുമ്പോ-**
**ളകലേക്ക് പായും വെളിച്ചമേ നിന്നെ**
**ശരിക്കു സാത്വികക്കറുകയേകി ഞാൻ**
**മെരുക്കുവാൻ നോക്കും മരിക്കുവോളവും**

**വെളിച്ചത്തിലേക്ക്**

**[പി.കുഞ്ഞിരാമൻനായർ]**

നഥാൻ കുര്യൻ ഷാജി

9 A

# തുടിതാളം തേടി

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ

പണ്ടത്തെപ്പാട്ടുകൾ
( വള്ളത്തോൾ)

ജോബിൻ ജോണി
9B





# നാലിതൾപ്പൂവ്

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു.
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണിഞ്ഞു.

ആരുമറിഞ്ഞതില്ലക്കരുമൊട്ടിലുൾ
ച്ചേരുന്ന ചാരുരഹസ്യമൊന്നും.
ഉച്ചിക്കുടുമയും പാറിച്ചുനിൽക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിക്കും?

കുട്ടനു മാത്രമുണ്ടേന്തോ ചിലതിങ്ങു
പൊട്ടിവീണേക്ക

ആയുഷ് ജെയിംസ്
9 B

# പൂക്കളൊക്കെയും

# വാക്കുകളാകുമ്പോൾ

**ആരോ പറയുന്ന തെംസ് നദി, നിന്നോടു**
**മൂകാനുരാഗം കലർന്നൊരാൾ വന്നപോൾ**
**ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ**
**യാതന കണ്ടാ മിഴികൾ നിറയവേ**

തെംസ് നദിയോട്

{സുഗതകുമാരി}



**ആദർശ് ജോസ്**

9B


flashscrap.c
നന്ദി